**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 482** **17-03-2023 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ അടച്ചുപൂട്ടൽ ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടുകയെന്ന കേന്ദ്ര സർക്കാർ നടപടികളുടെ തുടർച്ചയായി ഏലൂരിലെ ഹിന്ദുസ്ഥാൻ ഇൻസെക്റ്റിസൈഡ്സ് ലിമിറ്റഡ് എന്ന സ്ഥാപനം അടച്ചുപൂട്ടാൻ തീരുമാനിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കേന്ദ്ര സർക്കാരിന്റെ, കെമിക്കൽസ് ആൻഡ് ഫെർട്ടിലൈസേഴ്സ് മന്ത്രാലയത്തിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ഇൻസെക്റ്റിസൈഡ്സ് ലിമിറ്റഡ് [HIL (India) Ltd] എന്ന സ്ഥാപനത്തിന് മൂന്ന് യൂണിറ്റുകളാണ് നിലവിലുള്ളത്.<br>1) ഉദ്യോഗ മണ്ഡൽ യൂണിറ്റ്, കൊച്ചി, കേരള<br>2) രാസായനി യൂണിറ്റ്, മഹാരാഷ്ട്ര<br>3) ബാതിണ്ട യൂണിറ്റ്, പഞ്ചാബ്.<br>അതിൽ ഉദ്യോഗമണ്ഡൽ കൊച്ചി യൂണിറ്റും ബാതിണ്ട യൂണിറ്റും അടച്ചുപൂട്ടാൻ തീരുമാനിച്ചതായി കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻവെസ്റ്റ്മെന്റ് ആൻഡ് പബ്ലിക് അസറ്റ് മാനേജ്മെന്റ് (DIPAM) വകുപ്പിന്റെ 10-03-2023-ലെ ഓഫീസ് മെമ്മോറാണ്ടത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാന താല്പര്യം പരിഗണിച്ച് കീടനാശിനി നിർമ്മാണവും വളം നിർമ്മാണവും നടത്തി വന്നിരുന്ന പ്രസ്തുത സ്ഥാപനം നിലനിർത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് പ്രതികരണം ലഭ്യമായിട്ടുണ്ടോ; പ്രസ്തുത സ്ഥാപനത്തെ രാജ്യത്തെ പ്രമുഖ വളം നിർമ്മാണ ഫാക്ടറിയായ ഫാക്ടിൽ ലയിപ്പിക്കുന്നത് പരിശോധിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; | (ബി) | ഈ വിഷയത്തിൽ അടിയന്തിര ശ്രദ്ധ നൽകി തുടർനടപടികൾ കൈക്കൊള്ളുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പാലക്കാട് സംസ്ഥാന സർക്കാർ സൗജന്യമായി നൽകിയ മുന്നൂറ്റി എഴുപത്തി നാല് ഏക്കർ ഭൂമിയിൽ നിലനിൽക്കുന്ന അൻപതിനായിരം കോടി രൂപയുടെ | (സി) | കേന്ദ്ര സർക്കാർ ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ് (ബി.ഇ.എം.എൽ) എന്ന സ്ഥാപനത്തെ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച |

| | |
|---|---|
| ആസ്തി കണക്കാക്കിയിട്ടുള്ള ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ് ആയിരത്തി എണ്ണൂറ് കോടി രൂപയ്ക്ക് വിൽക്കാൻ കേന്ദ്ര സർക്കാർ ശ്രമം നടത്തുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്തെ കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ സംസ്ഥാനത്തിന്റെ വികസന താല്പര്യം പരിഗണിച്ച് പൊതുമേഖലയിൽത്തന്നെ നിലനിർത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | അവസരത്തിൽ പാലക്കാട് കഞ്ചിക്കോട് പ്രവർത്തിക്കുന്ന ബി.ഇ.എം.എൽ-ന്റെ യൂണിറ്റിന് സംസ്ഥാന സർക്കാർ നൽകിയിരുന്ന 374.16 ഏക്കറിൽ ഉപയോഗിക്കാതെ കിടന്നിരുന്ന 226.21 ഏക്കർ ഭൂമി തിരിച്ചെടുക്കുന്നതിന് സർക്കാർ ഉത്തരവ് ആയിട്ടുണ്ട്. ഈ ഭൂമി പൊതുവായ വ്യവസായ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്<br><br>തന്ത്രപ്രധാന മേഖലയിൽ പ്രവർത്തിക്കുന്ന ലാഭകരമായ പൊതുമേഖലാ സ്ഥാപനങ്ങളെപോലും സ്വകാര്യവത്ക്കരിക്കുകയും, നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ അടച്ചുപൂട്ടുകയും ചെയ്യുന്ന കേന്ദ്ര നയത്തിന് ബദലായി പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിച്ച് പ്രവർത്തനം ശക്തിപ്പെടുത്തി മത്സരക്ഷമമാക്കി പൊതുമേഖലയിൽ തന്നെ നിലനിർത്തുക എന്ന വികസന നയമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കൽ തീരുമാനം സംസ്ഥാനത്തിന്റെ വ്യവസായിക വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നതോടൊപ്പം അതാത് സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുവരുന്ന ജീവനക്കാരുടെ തൊഴിലിനേയും അതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന അനുബന്ധ വ്യവസായങ്ങളുടെ പ്രവർത്തനങ്ങളേയും ദോഷകരമായി ബാധിക്കുന്നതാണ് വളരെയധികം തന്ത്രപ്രധാനമായ മേഖലകളിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളുടെ പൊതുമേഖലയിൽ നിന്നുള്ള മാറ്റം സംസ്ഥാനത്തിന്റെ വ്യവസായിക മേഖലയുടെ മൊത്തത്തിലുള്ള വളർച്ചയ്ക്കും വൈദഗ്ധ്യമുള്ള മേഖലകളിലെ തൊഴിൽ ലഭ്യതയുടെ വർദ്ധനവിനും വിലങ്ങുതടിയാകും കൂടാതെ സംസ്ഥാനത്തുള്ള പൊതു ആസ്ഥികൾ അന്യാധീനപ്പെടുന്നതിനും ഇടയാക്കും. കേരള സർക്കാരിന്റെ ബദൽ വികസന നയത്തിന്റെ ഭാഗമായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായിരുന്ന ഭെൽ ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ്, കാസർകോഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, വെള്ളൂർ എന്നിവ ഏറ്റെടുത്ത് പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപങ്ങളാക്കി മാറ്റിയിട്ടുണ്ട്.<br><br>ഭാരത് പ്രെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ)-ന്റെ ഓഹരി വിറ്റഴിക്കാനുള്ള നീക്കത്തിൽ നിന്ന് പിന്മാറണമെന്ന് ആവശ്യപ്പെട്ട് ബഹു. മുഖ്യമന്ത്രി 17/10/2019, 18/3/2020 എന്നീ |

തീയതികളിൽ ബഹു. പ്രധാനമന്ത്രിക്ക് കത്തുകൾ അയച്ചിരുന്നു. കൂടാതെ, ദേശീയ താൽപ്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താൽപ്പര്യവും കണക്കിലെടുത്ത് ബി.പി.സി.എൽ-ന്റെ ഓഹരി വിറ്റഴിക്കാനുള്ള നീക്കത്തിൽ നിന്ന് കേന്ദ്ര സർക്കാർ പിന്മാറണമെന്നും കമ്പനിയെ പൊതുമേഖലയിൽ നിലനിർത്തണം എന്നും 19/11/2019-ന് സംസ്ഥാന നിയമസഭ ഐകകണ്ഠേന പ്രമേയം പാസാക്കി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

കേന്ദ്ര സർക്കാർ വിറ്റ് ഒഴിയുന്നതിന് തീരുമാനിച്ചിട്ടുള്ള ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് (ഹിന്ദുസ്ഥാൻ ലൈഫ് കെയർ) ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള ടെൻഡർ നടപടികളിൽ പങ്കെടുക്കുവാനും സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ ഏറ്റെടുക്കുന്നതിനുള്ള സാധ്യതകൾ ആരായുന്നതിനുമായി കേരള സർക്കാർ KSIDC യെ ചുമതലപ്പെടുത്തിയിരുന്നു.

തുടർന്ന് KSIDC, കേന്ദ്ര സർക്കാർ നിർദ്ദേശിച്ച സമയ പരിധിക്കുള്ളിൽ തന്നെ ടെൻഡർ നടപടികളുമായി ബന്ധപ്പെട്ട EOI സമർപ്പിച്ചിരുന്നു. എന്നാൽ എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രക്രിയയുടെ അടുത്ത ഘട്ടത്തിലേക്ക് കേന്ദ്ര സർക്കാർ ടി EOI ഷോർട്ട് ലിസ്റ്റ് ചെയ്തിരുന്നില്ല. M/s ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് സ്ഥാപിക്കുന്നതിനായി ഭൂമി ഏറ്റെടുത്ത് നൽകിയത് സംസ്ഥാന സർക്കാർ ആയിരിക്കെ പ്രസ്തുത സ്ഥാപനം നടത്തുന്നതിന് കേന്ദ്ര സർക്കാരിന് താൽപര്യമില്ലെങ്കിൽ, ഏറ്റെടുത്ത് നടത്തുന്നതിന് സംസ്ഥാന സർക്കാർ സന്നദ്ധമാണ് എന്നും ലേല നടപടികളിൽ പങ്കെടുക്കുന്നതിന് സംസ്ഥാന സർക്കാരിന് അനുമതി നൽകണം എന്നും ആവശ്യപ്പെട്ട് ബഹു. പ്രധാനമന്ത്രിക്ക് 11.03.2022-ന് ബഹു. മുഖ്യമന്ത്രി കത്ത് അയയ്ക്കുകയും തുടർന്ന് ബഹു. കേന്ദ്ര ധനകാര്യമന്ത്രി 25/07/2022-ന് ഇക്കാര്യത്തിൽ കേന്ദ്രത്തിന്റെ മുൻ നിലപാടിലധിഷ്ഠിതമായ മറുപടി ലഭ്യമാക്കുകയുണ്ടായി. എന്നാൽ DIPAM (ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻവെസ്റ്റ്മെന്റ് ആന്റ് പബ്ലിക് അസറ്റ് മാനേജ്മെന്റ്) ഇക്കാര്യത്തിലേയ്ക്കായി ക്ഷണിച്ചിട്ടുള്ള ആഗോള താത്പര്യപത്രത്തിലേയും പ്രിലിമിനറി ഇൻഫർമേഷൻ മെമ്മോറാണ്ടം (PIM)-ത്തിലേയും വ്യവസ്ഥകളും ബഹു.സുപ്രീംകോടതിയുടെ മുൻവിധികളും, മറ്റ് നിയമവശങ്ങളും ഉൾപ്പെടുത്തി HLL Life care Limitedസംസ്ഥാന സർക്കാരിന് കൈമാറുന്നതിനോ അല്ലെങ്കിൽ

| | | | |
|---|---|---|---|
| | | | സംസ്ഥാനസർക്കാരിനെ ലേലനടപടികളിൽ പങ്കെടുപ്പിക്കുന്നതിനോ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ബഹു. പ്രധാനമന്ത്രിയ്ക്ക് 24/11/2022-ന് ബഹു.മുഖ്യമന്ത്രി സമഗ്രമായ കത്തയച്ചുവെങ്കിലും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ